## കുടുംബ വിശേഷങ്ങൾ





# കരോൾ സന്ധ്യ - 2007

നമ്മുടെ ഇടവകയുടെ ഇക്കൊല്ലത്തെ ക്രിസ്തുമസ് കരോൾ സന്ധ്യ 2007 ഡിസംബർ 22ന് ശനിയാഴ്ച കത്തീഡ്രൽ പള്ളി ഹാളിൽ നടന്നു. കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ കെ.എസ്. രാധാകൃഷ്ണൻ ക്രിസ്തുമസ് സന്ദേശം നൽകി. വികാരി ഫാ. ഏബ്രഹാം എടമ്പാടം സഹ. വികാരി ഫാ. ഷിബു കെ. ജോസ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് പള്ളി ഗായകസംഘം സണ്ടേ സ്കൂൾ, യുവജനപ്രസ്ഥാനം എന്നിവയുടെ കരോൾ ഗാനാലാപനം നടന്നു. ഇടവകയിലെ കുട്ടികളുടെ ടാബ്ലോ, വിവിധ കലാപരിപാടികൾ എന്നിവയും ഉണ്ടായിരുന്നു. ക്രിസ്തുമസ് അപ്പൂപ്പൻ എല്ലാവർക്കും മധുര പലഹാരങ്ങൾ വിതരണം ചെയ്തതോടെ കരോൾ സന്ധ്യയ്ക്ക് തിരശീലവീണു.

## മാമോദീസ

1. ആലക്കൽ ശ്രീ. ജോസ് തമ്പിയുടെയും ശ്രീമതി ജെസി തമ്പിയുടെയും മകൾ മേരി ആൻ സൂസന്റെ മാമോദീസ 2007 നവംബർ 25ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.
2. മറ്റപ്പള്ളിൽ ശ്രീ. തോമസ് ജോണിന്റെയും ശ്രീമതി ശാരോൺ സൂസൻ ഏബ്രഹാമിന്റെയും മകൾ ജോവാൻ ആനി തോമസിന്റെ മാമോദീസ 29-12-2007 ൽ സെ.മേരീസ് കത്തീഡ്രലിൽ നടന്നു.
3. ശ്രീ. പത്രോസ് മത്തായി ജൂനിയറിന്റെയും ശ്രീമതി ഷീനയുടെയും മകൾ അന്ന മത്തായിയുടെ മാമോദീസ 30-12-2007-ൽ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

## വിവാഹം

ചെറുവത്തൂർ ശ്രീ. സി.സി. അപ്പുൻജന്റെയും ശ്രീമതി മേഴ്സിയുടെയും മകൻ അഭിലാഷും, പഴഞ്ഞി ചെറുവത്തൂർ ശ്രീ. സി.സി. താരപ്പന്റെയും ശ്രീമതി കൊച്ചുമോളുടെയും മകൾ ടീനയും തമ്മിലുള്ള വിവാഹം 2007 ഡിസംബർ 30ന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതനായി



എസ്. ആർ.എം. റോഡിലുള്ള നാഷണൽ ഹെറിറ്റേജ് അപ്പാർട്ട്മെന്റിൽ കല്ലത്ത് തോമസ് ജോൺ (71) 1-1-2008ൽ നിര്യാതനായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ സൂസൻ അടൂർ നടക്കാവ് പുത്തൻവീട്ടിൽ കുടുംബാംഗമാണ്. പരേതൻ പാരിഷ് ന്യൂസിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. കുടുംബാംഗങ്ങളെ പാരിഷ് ന്യൂസിന്റെ അനുശോചനം അറിയിക്കുന്നു.

## I Believe...

Amidst a thousand snares I stand,
Upheld and guarded by thy hand;
That hand unseen shall hold me still,
And lead me to thy holy hill

*-Compiled*

Sponsored by:

**NAVA NIRMAN SCHOOL**

Vazhakkala, Cochin-682021
**Ph: 91 484 2422177**

## വിശേഷദിവസങ്ങൾ

### ജനുവരി

07 തിങ്കൾ : മാർ യൂഹാനോൻ മാംദാനായുടെ ശിരഛേദനത്തിന്റെ ഓർമ്മ
08 ചൊവ്വ : മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ
13 ഞായർ : വിത്തുകൾക്കു വേണ്ടി ദൈവമാതാവിന്റെ ഓർമ്മ കത്തീഡ്രലിൽ പെരുന്നാൾ. 7.30ന് ആരംഭിക്കുന്ന ഒരു വി. കുർബാന മാത്രം
14 തിങ്കൾ : മൂന്നു നോമ്പ് ആരംഭം
17 വ്യാഴം : മൂന്നു നോമ്പ് വീടൽ
20 ഞായർ : വാങ്ങിപ്പോയ സകല പട്ടക്കാരുടെയും ഓർമ്മ
26 ശനി : പരിശുദ്ധ മാർത്തോമ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ ഓർമ്മ
27 ഞായർ : സകല മരിച്ചുപോയവരുടെയും ഓർമ്മ

### ഫെബ്രുവരി

02 ശനി : കർത്താവിന്റെ ദേവാലയപ്രവേശം (മായൽത്തോ)
03 ഞായർ : കൊത്ത്നെ (പേത്തറുത്താ) ഞായറാഴ്ച

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
***Email: mercy_george@vsnl.com***
***For Private Circulation only***





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 2 ● ISSUE : 1 JANUARY 2008

## എഡിറ്റോറിയൽ

# ദൈവത്തിന്റെ വഴികൾ

ആൽബർട്ട് എഡ്വേർഡ് എന്ന പള്ളിസൂക്ഷിപ്പുകാരന്റെ കഥ വായിച്ചിട്ടുണ്ട്. വിദ്യാഭ്യാസമില്ലെന്ന കാരണത്താൽ അയാളെ പള്ളിവികാരി ജോലിയിൽനിന്നു പിരിച്ചുവിട്ടു. നിവർത്തികേടുകൊണ്ട് അയാൾ ഒരു ചെറിയ പെട്ടിക്കട തുടങ്ങി. അത് കാലാന്തരത്തിൽ ഒരു വലിയ വ്യാപാരമായി വളർന്നു. അയാൾ ധനികനായി. ഒരു ദിവസം ബാങ്കു മാനേജർ അയാളെ കാണാൻ വന്നു. ചില ഫോറങ്ങൾ ഒപ്പിടീക്കുവാൻ കൊണ്ടുവന്നിരുന്നു. പക്ഷേ ആൽബർട്ട് എഴുത്തും വായനയുമറിയില്ലെന്നു പറഞ്ഞു. ബാങ്ക് മാനേജർ പറഞ്ഞത് എഴുത്തും വായനയും അറിയാമായിരുന്നെങ്കിൽ അയാൾക്ക് എന്തുമാത്രം പണം സമ്പാദിക്കാമായിരുന്നെന്നാണ്. പക്ഷേ ആൽബർട്ടിന്റെ ഉത്തരം എഴുത്തും വായനയുമറിയാമായിരുന്നെങ്കിൽ താനിപ്പോഴും പള്ളിയിൽ സൂക്ഷിപ്പുകാരനായി മാത്രം അറിയപ്പെട്ടേനേ എന്നായിരുന്നു.

ദൈവത്തിന്റെ ഉദ്ദേശം നിറവേറാൻ പ്രത്യേക മാർഗ്ഗം ദൈവം തിരഞ്ഞെടുക്കും. ദൈവത്തോട് എപ്പോഴും അതെ എന്നു പറയുക. "ദൈവത്തിന്റെ വഴി തികവുള്ളത്. യഹോവയുടെ വചനം ഊതിക്കഴിച്ചത് "(സങ്കീ-18 :30).

വിശുദ്ധ പൗലോസ് ശ്ലീഹായെപ്പോലെ, നമ്മുടെ ആഗ്രഹങ്ങൾ എന്തുതന്നെയായാലും ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെ സമർപ്പിക്കുകയാണ് വേണ്ടത്. വിശുദ്ധ പൗലോസിന്റെ രണ്ടാം മിഷണറിയാത്രയിൽ ആസ്യയിൽ പോകാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷേ പരിശുദ്ധാത്മാവ് അത് തടസ്സപ്പെടുത്തി. അപ്പോൾ ബിഥുന്യാക്ക് പോകുവാനാഗ്രഹിച്ചു. യേശുവിന്റെ ആത്മാവ് അതും തടസ്സപ്പെടുത്തി. തൽഫലമായാണ് പൗലോസ് യൂറോപ്പിൽ പോയതും അവിടെ സഭ സ്ഥാപിച്ചതും.

ദൈവത്തിന്റെ വഴിയറിയുവാൻ യേശുക്രിസ്തു ചെയ്തതുപോലെ നിരന്തരമായും, തീഷ്ണതയോടെയും മറ്റാരും പ്രാർത്ഥിച്ചുകാണുകയില്ല. ദീനക്കാരെയും ഭൂതഗ്രസ്തരെയും സൗഖ്യമാക്കുകയും, പുരുഷാരത്തെ പഠിപ്പിക്കുകയും ചെയ്തശേഷം വളരെ കുറച്ചുസമയം ഉറങ്ങിയിട്ട് അതികാലത്തേ എഴുന്നേറ്റ് വിജനമായ സ്ഥലത്തുപോയി തന്റെ ആത്മീയ ശക്തിയെ പുതുക്കുന്നതിനായി ദൈവസംസർഗ്ഗത്തിൽ സമയം ചെലവഴിച്ചു(മർക്കോ 1 : 35). പാപരഹിതനായ യേശുവിനുപോലും ദൈവേഷ്ടം അറിയുവാൻ മനസ്സിനെ ശക്തമാക്കണമെങ്കിൽ നാം പ്രാർത്ഥനക്കായി എത്രയോ കൂടുതൽ സമയം ചെലവഴിക്കണം.

അളവില്ലാതെ ആത്മീയാനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ഭണ്ഡാരം നമുക്കുവേണ്ടി എപ്പോഴും തുറന്നിരിക്കുന്നു. "എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല, നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നു നിൽക്കുന്നതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉയർന്നതത്രേ" (യെശ. 55 : 8-9). ഈ ദൈവവചനം ഓർക്കുകയും, ദൈവം പ്രകൃതിയുടേയും കർത്താവായതിനാൽ പ്രകൃതി നിയമങ്ങൾ അനുസരിച്ച്, ദൈവത്തെ പരീക്ഷിക്കാതെ ദൈവവചനമറിഞ്ഞ് ജീവിക്കുവാൻ ശ്രമിക്കുകയുമാണ് വേണ്ടത്.

## ഇടയ സന്ദേശം

# തിന്മയ്ക്ക് ഉണ്മയോ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്ത

തിന്മ നിന്ന് ഒന്നുണ്ടോ? ഉണ്ടെങ്കിൽ അത് എവിടെ നിന്ന് ഉത്ഭവിച്ചു? തിന്മ ഉണ്ടെന്നാണ് ഉത്തരമെങ്കിൽ അതിന് ഉണ്മയുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഉണ്മയുള്ളതെല്ലാം ദൈവം സൃഷ്ടിച്ചതായി വരുന്നു. അതായത് തിന്മയുണ്ടെന്നും, അത് ദൈവം സൃഷ്ടിച്ചതാണെന്നും സാരം.

ഇവിടെ സംഗതമായ ഒരു ചോദ്യം ഉയർന്നുവരുന്നു. പൂർണ്ണ നന്മയായ ദൈവത്തിന് എങ്ങനെ തിന്മ സൃഷ്ടിക്കാനാവും? ദൈവേച്ഛയിൽ നിന്നാണല്ലോ സകലവും ഉളവായത്. ഇങ്ങനെ വരുമ്പോൾ തിന്മ ദൈവം സൃഷ്ടിച്ചതല്ല എന്ന് വരുന്നു.

ഈ രണ്ട് ചോദ്യങ്ങൾക്ക് രണ്ട് തലങ്ങളിൽ നിന്നുകൊണ്ട് ഉത്തരം കണ്ടെത്തുവാൻ കഴിയും **1) ദാർശനികം 2) പ്രായോഗികം.** ദാർശനിക തലത്തിൽ തിന്മ എന്നൊന്നില്ല. നന്മ ഉണ്മയും തിന്മ ഇല്ലായ്മയും ആകുന്നു. തിന്മ അന്ധകാരം പോലെയാണ്. അന്ധകാരം പ്രകാശത്തിന്റെ അഭാവമാണല്ലോ. പ്രകാശമുള്ളിടത്ത് അന്ധകാരമില്ല. ഒരിരുട്ടു മുറിയിൽ കൈത്തിരിയുമായി കടന്നുവരുമ്പോൾ ഇരുട്ട് ഓടിമറയുന്നത് നാം കാണുന്നു. നന്മ ഇല്ലാത്തിടത്തേ തിന്മ ഉണ്ടാകൂ. നന്മയുടെ സാന്നിധ്യം കൊണ്ട് തിന്മയെ വിപാടനം ചെയ്യാം.

മുൻപറഞ്ഞ ദാർശനിക സമീപനം പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇവിടെ നന്മയുടെ അഭാവം മാത്രമല്ല തിന്മ. കാരണം തിന്മയ്ക്ക്, അന്ധകാരത്തിന് ഒരു ആക്രമണ സ്വഭാവവും കൂടിയുണ്ട്. അതിന്റെ സ്വാധീനം ലോകത്തിൽ ഇന്ന് വളരെ ശക്തമാണ്. ആദ്ധ്യാത്മിക ജീവിതത്തിലേക്ക് കടന്നുവന്നിട്ടുള്ള ഏതൊരാളും അന്ധകാരശക്തികളോടുള്ള പോരാട്ടം ഗൗരവമായി സ്വീകരിക്കുന്നു. മനുഷ്യനെ കാർന്നുതിന്ന് നശിപ്പിക്കുവാൻ കെല്പുണ്ട് തിന്മയ്ക്ക്. അതിസൂക്ഷ്മമായി, രഹസ്യത്തിൽ, ശക്തമായി ആഞ്ഞടിച്ച് തകർത്തുകളയുവാൻ തിന്മയുടെ ശക്തികൾക്ക് കഴിയുന്നു. ഈ നിലയിൽ ചിന്തിക്കുമ്പോൾ തിന്മയ്ക്ക് പ്രായോഗികമായ അസ്തിത്വം ഉണ്ടെന്ന് വരുന്നു.

പ്രായോഗിക ജീവിതത്തിൽ അനുഭവപ്പെടുന്ന തിന്മയുടെ സ്വാധീനം രണ്ടു തലങ്ങളിലാണ് നാം കാണുക. ഒന്ന്, പ്രത്യക്ഷത്തിൽ സത്യമെന്നു തോന്നുന്നവിധം പ്രലോഭിപ്പിച്ച് വഞ്ചനയിലൂടെ പിശാച് മനുഷ്യനെ തിന്മയ്ക്ക് അടിമയാക്കുന്നു. ഇവിടെ പിശാച് ഒരു ലോകാതീത ശക്തിയാണ്. അതിന് ആളത്വമുണ്ട്. രണ്ട്, തിന്മ വ്യക്തികളിലും സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ഘടനകളിലും നിറഞ്ഞ് കാണാൻ കഴിയും. രണ്ടാമത്തെ തലത്തെപ്പറ്റി കൂടുതൽ വിശദീകരിക്കേണ്ടതില്ല. കാരണം അത് സാമാന്യ ബുദ്ധിക്കും യുക്തിക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ ഒന്നാമത്തെ തലം ആധുനിക മനുഷ്യന് ഗ്രഹിക്കാൻ പ്രയാസമാണ്.

സാത്താൻ പിശാച്, പൈശാചികവും ലോകാതീതവുമായ തിന്മയുടെ ശക്തികൾ എന്നൊക്കെയുള്ള പ്രയോഗങ്ങൾ ഇന്ന് ഏതാണ്ട് പഴഞ്ചനായി മാറിയിട്ടുണ്ട്. തിന്മയ്ക്ക് ആളത്വം നൽകുന്ന സമീപനം ആധുനിക മനുഷ്യന് അസ്വീകാര്യമായിരിക്കുന്നു. തിന്മയ്ക്ക് ആളത്വം നൽകിക്കൊണ്ട് പുതിയ നിയമത്തിൽ കാണുന്ന വിവരണങ്ങൾ പ്രതീകാത്മകമായി കാണുന്ന സമീപനമാണ് ആധുനിക വേദപണ്ഡിതർ സ്വീകരിക്കുന്നത്. പിശാചിന് ആളത്വമില്ലെന്ന് അവർ കരുതുന്നു. വ്യക്തികളിലും സാമൂഹ്യഘടനകളിലും കാണുന്ന തിന്മയെ തിരിച്ചറിഞ്ഞാൽ മാത്രം പോരാ, തിന്മയുടെ ലോകാതീത ശക്തികൾ മനുഷ്യജീവിതത്തിലും ലോകത്തിലും എങ്ങനെ ഇടപെടുന്നുവെന്ന് കണ്ടെത്താൻ കഴിയുകയും വേണം. സാധാരണ യുക്തികൊണ്ടും ശാസ്ത്രീയ അന്വേഷണങ്ങൾകൊണ്ടും കണ്ടെത്താവുന്നതല്ല ഇത്. ആദ്ധ്യാത്മികതയുടെ ഉയർന്ന തലങ്ങളിലേക്ക് കടന്നുവന്നിട്ടുള്ളവർക്കു മാത്രമേ പിശാചിന് ആളത്വമുണ്ടെന്നും പൈശാചിക ശക്തികൾ ജീവിതത്തിൽ ഇടപെടുന്നു എന്നും തിരിച്ചറിയുവാൻ കഴിയൂ.

*(തുടരും)*

## വികാരിയുടെ കത്ത്

**കർത്താവിൽ പ്രിയരേ,**

2007 നമ്മെ വിട്ടു കടന്നുപോയി. 2008-ലേയ്ക്ക് നാം പദമൂന്നിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ നമ്മുടെ ജീവിതത്തെ ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും. 2007-ൽ നമ്മോടുകൂടെ ഉണ്ടായിരുന്ന പലരും 2008-ൽ നമ്മോടുകൂടെയില്ല. മാതാപിതാക്കൾ, ബന്ധുക്കൾ, സ്നേഹിതർ, പ്രിയപ്പെട്ടവർ, ഉന്നതരായ മത, സാംസ്കാരിക, രാഷ്ട്രീയ നേതാക്കൾ മുതലായവരിൽ പലരും 2008-ൽ നമ്മോടുകൂടെയില്ല. 2007 ഡിസംബർ 27ന് ബേനസീർ ഭൂട്ടോ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എന്നാൽ നമ്മേ ദൈവം നിലനിർത്തിയിരിക്കുന്നു. (ലൂക്കോ 13:6) ഒരുവന് തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന ഒരു അത്തി വൃക്ഷം ഉണ്ടായിരുന്നു. അതിൽ ഫലം തിരഞ്ഞുവന്നു കണ്ടില്ല താനും. അത് വെട്ടിക്കളയാൻ തോട്ടക്കാരനോട് കൽപ്പിച്ചു. എന്നാൽ തോട്ടക്കാരൻ യജമാനനോട്, യജമാനനേ, ഈ ആണ്ടുകൂടി നിൽക്കട്ടെ ഞാനതിന് കിളച്ചു വളമിട്ട് വെള്ളമൊഴിക്കാം. മേലാൽ കായ്ച്ചെങ്കിലോ? ദൈവം നമ്മെ 2008-കാണാൻ അനുവദിച്ചിരിക്കുന്നത് കർത്താവിൽ ഫലം കായ്ക്കും എന്നു കരുതിയാണ്, ഫലം കായ്ക്കാനാണ്.

2007 ഡിസംബർ മാസം കേരളത്തിൽ ക്രിസ്മസ് ആഘോഷിക്കാൻ മദ്യത്തിന് മാത്രം ചിലവഴിച്ചത് 85.48 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തേക്കാൾ 22 ശതമാനം കൂടുതൽ. 24, 25 തീയതികളിൽ മാത്രം 29 കോടി ചിലവഴിച്ചു. നമ്മുടെ ആത്മീയത എങ്ങോട്ടാണ്. നമുക്ക് ലോകത്തിന് എന്തു മാതൃകയാണ് കാണിച്ചു കൊടുക്കാനുള്ളത്. പുതുവത്സരത്തിൽ നമ്മുടെ കേരളം കുറെ കോടികൾ കൂടി കുടിച്ചുതീർക്കാൻ സാധ്യതയുണ്ട്.

ലൂക്കോ 2:40 - 51 വരെയുള്ള ഭാഗത്ത് യേശുവും അമ്മയപ്പൻമാരും യേരുശലേമിൽ പെസഹാ പെരുന്നാളിന് പോയി തിരിച്ചു പോരുന്നു. എന്നാൽ ബാലനായ യേശു യെരുശലേം ദേവാലയത്തിൽ തങ്ങി. മാതാപിതാക്കളോ യേശു സഹയാത്രികരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കുമെന്ന് കരുതിയിട്ട് ഒരുദിവസത്തെ വഴി സഞ്ചരിച്ചു. യേശു കൂടെയില്ലെന്നു മനസ്സിലാക്കിയപ്പോൾ മാതാപിതാക്കൾ യരുശലേമിലേക്കു മടങ്ങി. മൂന്നു നാൾ കഴിഞ്ഞ ശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കുകയും അവരോട് ചോദിക്കുകയും ചെയ്യുന്നതും കണ്ടു. ഇവിടെ യേശുവിന്റെ അമ്മയപ്പൻമാർ യേശു സഹയാത്രികരുടെ കൂടെ കാണുമെന്നു കരുതി. പ്രിയ വായനക്കാരാ യേശു നിന്റെ കൂടെയുണ്ടോ. അതോ സഹയാത്രികരുടെ കൂടെയുണ്ടെന്നു കരുതി ജീവിതയാത്ര തുടരുന്നുവോ? ഒന്നു പരിശോധിക്കുക. നിന്റെ ജീവിതത്തിൽ യേശുവുണ്ടോ? യേശുവില്ലാതെ നീ യാത്രചെയ്യാൻ തുടങ്ങിയിട്ട് എത്രനാളായി. യേശുവുമായി നീ യാത്ര തുടരുക. യേശുവിന്റെ അമ്മയപ്പന്മാർക്ക് മൂന്നു ദിവസം കൊണ്ടാണ് തങ്ങളുടെ മകന്റെയടുത്ത് മടങ്ങിയെത്താൻ കഴിഞ്ഞത്. ഈ 2008 നമുക്ക് യേശുവിനോട് കൂടി യാത്ര ആരംഭിക്കാം.

വിശുദ്ധ വേദ പുസ്തകം പരിശോധിക്കുമ്പോൾ ഒന്നാം മാസം ഒന്നാം തീയതിക്ക് വളരെ പ്രത്യേകതകൾ ഉണ്ട്.

**പാപ പരിഹാരദിവസം.** (യഹ 45 :18) ഒന്നാം മാസം ഒന്നാം തീയതി നീ ഊനമില്ലാത്തൊരു കാളക്കുട്ടിയെ എടുത്ത് വിശുദ്ധ മന്ദിരത്തിന് പാപ പരിഹാരം വരുത്തണം. ഒന്നാം മാസം ഒന്നാം തീയതി നമുക്ക് കർത്താവിന്റെ രക്തത്തിൽ ആശ്രയിക്കാം.

**വിശുദ്ധീകരണത്തിനായുള്ള ദിവസം** (2 ദിന 29:15-17) ഒന്നാം മാസം ഒന്നാം തീയതി ലേവ്യർ ദേവാലയ ശുദ്ധീകരണത്തിനായ് വന്നു. ദേവാലയത്തിന്റെ അകമെല്ലാം ശുദ്ധീകരിക്കും. നാം ദൈവത്തിന്റെ മന്ദിരമാണ്. ദൈവത്തിന്റെ ആത്മാവ് വസിക്കാൻ ദൈവം തിരഞ്ഞെടുത്ത നമ്മുടെ ശരീരത്തെ നമുക്കു ശുദ്ധീകരിക്കാം. (1. കൊരി. 6:19)

**ദൈവതേജസിന്റെ നിറവിന്റെ ദിവസം** ഒന്നാം മാസം ഒന്നാം തീയതി നീ സമാഗമനകൂടാരമെന്ന തിരുനിവാസം നിവർക്കേണം. (പുറ 40:2)

**പ്രതിഫലം കൊടുക്കുന്ന ദിവസം** (യഹ 29:17-21) ഒന്നാം മാസം ഒന്നാം തീയതി പ്രതിഫലം കൊടുക്കുന്ന ദിവസമാണ്.

**പ്രത്യാശാ വീക്ഷണത്തിനായുള്ള ദിവസം.** (ഉല്പ 8:13) ഒന്നാം മാസം ഒന്നാം തീയതി നോഹ പെട്ടകത്തിന്റെ വാതിൽ തുറന്ന് പുറത്തിറങ്ങി. ഒരു പ്രത്യാശാവീക്ഷണം നടത്തി ദൈവത്തെ ആരാധിച്ചു. നമുക്കും പ്രത്യാശയോടെ 2008 ജനുവരി ഒന്നാം തീയതി മുതൽ കർത്താവിനെ ആരാധിച്ചൊരുങ്ങാം.

ഏലീശാ, ഏലിയാ പ്രവാചകനോടു പറഞ്ഞതു പോലെ നിന്നിലുള്ള ആത്മാവിന്റെ ഇരട്ടി എനിക്കു തരേണമേ. 2007 ലെ കൃപ പോരാ 2008-ൽ ജീവിക്കാൻ ഇരട്ടി കൃപ വേണം. അതിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

*നിങ്ങളുടെ ഇടമ്പാടത്തച്ചൻ*

## CHRISTMAS CAROL

PETSON PETER C

December brings sweet memories of Christmas celebrations .Carols form an integral part of the season. In the late sixties, Ernakulam, St. Mary's church had a special way of organizing carols. Enthusiastic and committed parish members travelled in their own cars under the leadership of the Vicar with musical instruments and sang carols at the residences of each and every parish member.

On one such occasion, the family of a parish member got an intimation that the carol party planed to visit his residence between 7 and 8 PM on a date specified in the card. The family got prepared to greet the carol parry well before the sunset. Children were in high spirits as the time approached. They verified the time schedule once again and read loudly "Carol party will call at your residence between 7 and 8 p.m.". Time seems to crawl and reached 8 p.m. the deadline. Impatience gripped the children's enthusiasm and they became restless and violent. They missed their dinner and indefinitely waited.

The clock chimed twelve as a car arrived and stopped abruptly before the house of the member.. Children ran towards the car to find a single vehicle and its occupant a "jubba wala". One of our senior members Sri P P George got down from the car and walked towards the members' residence. The house owner readily recognized him and welcomed him wholeheartedly. He enquired about the cause of the carol party's delay. The children understood that their parent's friend arrived as a pilot to the actual Carol party and danced with joy. Later within minutes the party arrived in its full glamour and sung Carols trumpeting the arrival of Christmas. As the party left, the, vicar (Josephachan) offered oranges and sweets he brought to the children triggering lasting memories of a Christmas carol.

## ഓർമ്മയിൽ നിന്ന്

### നമ്മുടെ പള്ളിയിലും മോഷണമോ

രണ്ടു ദശാബ്ദങ്ങൾക്കു മുമ്പു നടന്ന ഒരു സംഭവമാണ് താഴെ വിവരിക്കുന്നത്. ചാക്കോച്ചൻ (യഥാർത്ഥ പേരല്ല) പള്ളി ശുശ്രൂഷകൾ കഴിഞ്ഞ് എല്ലാവരും പുറത്തേക്കിറങ്ങിയ കൂട്ടത്തിൽ ഇറങ്ങി ചെരുപ്പുകൾ ഇട്ടിരുന്ന സ്ഥലത്തു വന്നപ്പോൾ തന്റെ പുതിയ ചെരുപ്പുകൾ അവിടെ കണ്ടില്ല. ചെരുപ്പുകൾ വച്ചിരുന്ന സ്ഥലങ്ങളിലൊക്കെ തപ്പിയെങ്കിലും അതൊക്കെ വ്യഥാവിലായി. ആരെങ്കിലും അവരുടേതാണെന്നു തെറ്റിദ്ധരിച്ച് ഇട്ടോണ്ടു പോയതാണെങ്കിൽ അതുപോലെ ഒരു ജോടി അവിടെ കാണേണ്ടതല്ലേ. അതില്ലാത്തതിനാൽ ഇതൊരു മോഷണമാണെന്ന നിഗമനത്തിലെത്തിച്ചേർന്നു. ചാക്കോച്ചൻ സങ്കടവും, ദേഷ്യവും സഹിക്കവയ്യാതെ "നമ്മുടെ പള്ളിയിലും മോഷണമോ" എന്നൊക്കെ അട്ടഹസിക്കാൻ തുടങ്ങി. ഇതുകേട്ട പലരും സഹതപിക്കുകയും മൈക്കിൽ വിളിച്ചു പറയാൻ ഉപദേശിക്കുകയും ചെയ്തു.

ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ, ചാക്കോച്ചന്റെ മൂന്നു വയസ്സുള്ള പേരക്കുട്ടി, അപ്പച്ചന്റെ ചെരുപ്പുമിട്ടു പതുക്കെ പതുക്കെ അവിടെയെത്തിയപ്പോൾ ചാക്കോച്ചൻ ഇളിഭ്യനായി- എല്ലാവർക്കും സമാധാനവുമായി.

*ഒരു ഇടവകാംഗം*





## ധ്യാന നിമിഷങ്ങൾ

# എല്ലാം നന്മയ്ക്ക്

**(ഫാദർ റ്റി. ജെ. ജോഷ്വ)**

റാബി അക്കീബായെപ്പറ്റിയുള്ള ഒരു കഥ ഇങ്ങനെ. മതപീഢനംമൂലം അദ്ദേഹത്തിനു നാടുവിടേണ്ടിവന്നു. വനാന്തരങ്ങളിലൂടെ നടന്ന് വൈകുന്നേരമായപ്പോഴേക്കും ഒരു ഗ്രാമത്തിലെത്തി. തന്റെ പക്കൽ സമ്പാദ്യങ്ങളായി നാലു കാര്യങ്ങൾ ഉണ്ടായിരുന്നു. വിശുദ്ധഗ്രന്ഥം, അതുവായിക്കാൻ തക്കവണ്ണം ഒരു വിളക്ക്, പ്രഭാതം വിളിച്ചറിയിക്കാൻ ഒരു പൂവൻകോഴി, യാത്രചെയ്യുവാൻ ഒരു കഴുത, ചെന്നെത്തിയ ഗ്രാമത്തിൽ രാത്രിയിൽ കഴിച്ചുകൂട്ടുവാൻ ഒരു പാർപ്പിടം ഗ്രാമവാസികളോട് അപേക്ഷിച്ചു. പക്ഷേ ആരും നൽകിയില്ല. നിരാശ നിറഞ്ഞവനായി അക്കീബാ ആ ഗ്രാമത്തിലെ ഒരു വീഥിയിലിരുന്നു. വിളക്കു കത്തിച്ച് തിരുവെഴുത്തു വായിക്കാനൊരുങ്ങി. ഉടനെ ശക്തമായൊരു കാറ്റ് വിളക്കു കെടുത്തിക്കളഞ്ഞു. ഇതികർത്തവ്യതാമൂഢനായിരിക്കുമ്പോൾ ഒരു കുറുക്കൻവന്നു കോഴിയെ പിടിച്ചു. അതിനെ രക്ഷിക്കാൻ അക്കീബാ കുറുക്കന്റെ പിന്നാലെ ഓടിയെങ്കിലും പരാജയപ്പെട്ടു. മാത്രമല്ല, തിരികെ വന്നപ്പോൾ ഒരു സിംഹം തന്റെ കഴുതയെ കൊന്നിട്ടിരിക്കുന്നു. ആകെ തളർന്നുപോയ റാബി പ്രാണരക്ഷാർത്ഥം മറ്റൊരു ഗ്രാമത്തിലേക്കു രാത്രിയിൽ തന്നെ പലായനം ചെയ്തു. അവിടെ എത്തിയപ്പോൾ ദുഃഖവും ക്ഷീണവും സഹിക്കവയ്യാതെ ദൈവത്തോടു ചോദിച്ചു അല്ലയോ യഹോവേ എന്തിന് എനിക്കീ കഷ്ടപ്പാടുകൾ എല്ലാം നൽകി. ഞാൻ എന്തു തെറ്റാണു ചെയ്തത്

പിറ്റേദിവസം കേട്ട വാർത്ത റാബിയെ അതിശയിപ്പിച്ചു. തലേരാത്രിയിൽ താൻ അഭയം തേടി അലഞ്ഞു തിരിഞ്ഞ ഗ്രാമം കവർച്ചക്കാർ കൊള്ളചെയ്തുവെന്ന്. കണ്ണിൽ കണ്ടവരെയെല്ലാം കൊല്ലുകയും വസ്തുവകകൾ അപഹരിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ റാബി ഓർത്തു, തലേരാത്രിയിൽ തനിക്കവിടെ അഭയം ലഭിച്ചിരുന്നുവെങ്കിൽ തന്റെ ജീവൻ ഇന്നു കാണുകയില്ലായിരുന്നു. തെരുവീഥിയിൽ വിളക്കു കത്തിനിൽക്കുകയും, കോഴിയോ സന്തതസഹചാരിയായ കഴുതയോ തന്നോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്തിരുന്നെങ്കിൽ തന്റെ ജീവൻ അപഹരിക്കപ്പെടുമായിരുന്നല്ലോ. ഏതായാലും അതൊന്നും സംഭവിക്കാതെ കഴിഞ്ഞു. യഹോവ തുണച്ചു എന്നല്ലാതെ എന്തുപറയാൻ

ഈ കഥ ഒരു ജീവിത സന്ദേശം നൽകുന്നു. തൽക്കാലം നമുക്ക് നഷ്ടങ്ങളും ബുദ്ധിമുട്ടുകളും വരുത്തുന്ന സാഹചര്യങ്ങൾ തന്നെയും ആത്യന്തികമായി നമ്മുടെ നന്മയ്ക്കും പ്രയോജനത്തിനുമായി പരിണമിക്കാറുണ്ട്. ഈ വലിയ സത്യം പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ.

ഈ ആശയം ഉൾക്കൊള്ളുന്ന അർത്ഥപൂർണ്ണമായ ഒരു ഗാനമുണ്ട്.

"എല്ലാം നന്മയ്ക്കായി സ്വർഗ്ഗതാതൻ ചെയ്തിടുന്നു.
നിർണ്ണയമാം വിളികേട്ടവർക്കും
ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും."

ജീവിതത്തിൽ നാം തിരിഞ്ഞുനോക്കുമ്പോൾ കയ്പ്പേറിയ പല അനുഭവങ്ങളും നമുക്കു നന്മയ്ക്കായി ദൈവം ആക്കിത്തീർത്തിട്ടുണ്ട് എന്നു കാണാൻ കഴിയും. ആ ഒരു തിരിച്ചറിവ് ഏതു സാഹചര്യത്തെയും ശുഭപ്രതീക്ഷയോടും സമചിത്തതയോടും നേരിടുവാൻ നമ്മെ പ്രാപ്തരാക്കും.

## Jonahs FATE



After hearing the story of Jonah at Sunday School, a little girl repeated the story at school on Monday.

Her teacher said it was physically impossible for a whale to swallow a human beacuse, even though it is a very large mammal, its throat is very small.

The little girl said, "But how can that be? Jonah was swallowed by a whale. Irritated, the teacher reiterated that a whale could not swallow a human. "It is physically impossible!" she said.

Undaunted, the little girl said, "Well, when I get to heaven I will ask Jonah"

To this, the teacher said, "What if Jonah went to hell?"

The little girl replied, "Then YOU ask him!"

## YMCA & YWCA

ECUMENICAL CHRISTMAS CAROL (14-12-2007)



YMCA പ്രസിഡന്റ് ശ്രീ. മാത്തൻ വർഗീസിന്റെ സ്വാഗതപ്രസംഗത്തോടെയാരംഭിച്ച 2007 ലെ ക്രിസ്തുമസ് ഗാനമേള ഉണ്ണിയേശുവിന്റെ ജനനപ്പെരുന്നാൾ വിളംബരം ചെയ്യുന്നതും, ഇമ്പമേറിയതുമായി. നിയുക്ത കാതോലിക്കാ പരി. മിലിത്തിയോസ് തിരുമേനിയുടെ ക്രിസ്തുമസ് സന്ദേശം ഹ്രസ്വവും വളരെ അർത്ഥവത്തും, കാലോചിതവുമായിരുന്നു. ഗാനങ്ങൾ എല്ലാം തന്നെ ശ്രവണസുഖം തരുന്നതും മനോഹരവുമായിരുന്നു. നമ്മുടെ പള്ളിയിലെ ഗായകസംഘം ഏറ്റവും നല്ല നിലവാരം പുലർത്തിയത് കേൾവിക്കാരിൽ ആഹ്ലാദമുയർത്തി. ശ്രീമതി വൽസ ഉമ്മന്റെ നന്ദി പ്രകാശത്തോടെ ഗാനമേളയ്ക്ക് തിരശീല വീണു.

**തിരുമേനിയുടെ ക്രിസ്തുമസ് സന്ദേശം - രത്നച്ചുരുക്കം**

വിശ്വാസം, സമർപ്പണം, മനുഷ്യസ്നേഹം ഇവയാണ് ക്രിസ്ത്യാനിക്കുവേണ്ട പ്രധാന ഗുണങ്ങൾ. മനുഷ്യരാശിയുടെ രക്ഷയ്ക്കാണ് ദൈവം ഉണ്ണിയേശുവായി പിറന്നതെന്ന് ആട്ടിടയൻമാരും വിദ്വാൻമാരും വിശ്വസിച്ചതുപോലെ നാമും അന്ധമായി വിശ്വസിക്കണം. രണ്ടാമത് ദൈവത്തിൽ ആത്മസമർപ്പണം ചെയ്യുക. ആത്മസമർപ്പണം ചെയ്തുകഴിഞ്ഞാൽ നമ്മുടെ മേൽ നമുക്ക് യാതൊരവകാശവും ഉണ്ടായിരിക്കുകയില്ല. എല്ലാ കാര്യങ്ങളും ദൈവത്തിന്റെ ഇഷ്ടത്തിനുവിടണം. മൂന്നാമതായി യേശുക്രിസ്തു പഠിപ്പിച്ചതുപോലെ നാം മനുഷ്യവർഗ്ഗത്തെ സ്നേഹിക്കണം. സ്നേഹത്തിൽ നിന്നാണ് ത്യാഗം ഉത്ഭവിക്കുന്നത്. സ്നേഹിക്കുന്നവനു മാത്രമേ മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തുമസ് ദിനത്തിലെ ആഘോഷത്തിമർപ്പിൽ ഉണ്ണിയേശുവിനെ മറന്നുപോകരുതെന്നും തിരുമേനി ഓർമ്മിപ്പിച്ചു.